**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3082 — 11/12/2014 ൽ മറുപടിയ്ക്ക്

**ചേമഞ്ചേരി സബ് രജിസ്റ്റാർ ഓഫീസ് പുതുക്കി പണിയുന്നതിന്**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ചരിത്ര പ്രസിദ്ധമായ ചേമഞ്ചേരി സബ് രജിസ്റ്റാർ ഓഫീസ് പുതുക്കി പണിയുന്നതിന് എം.എൽ.എ. ബഹു . രജിസ്ട്രേഷൻ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയെത്തുടർന്ന് റവന്യൂ വകുപ്പിൽ എത്തിയ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | എ) | ചേമഞ്ചേരി സബ് രജിസ്റ്റാർ ഓഫീസ് പുതുക്കി പണിയുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ ഫയലുകൾ ഒന്നും നിലവിലില്ല. |
| ബി) | പഞ്ചായത്ത് വകുപ്പിൽ നിന്ന് സ്ഥലം അവകാശം ഒഴിഞ്ഞതിന്റെ രേഖകൾ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി റവന്യൂ വകുപ്പ്പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ കൊയിലാണ്ടി താലൂക്ക് ഓഫീസിൽ നിന്ന് നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ; | ബി) | പഞ്ചായത്ത് വകുപ്പിന്റെ അവകാശം ഒഴിയാനുള്ള റിലിങ്ക്വിഷ്മെന്റ് അപേക്ഷയിന്മേൽ കൊയിലാണ്ടി താലൂക്ക് ഓഫീസിലും റവന്യൂ ഡിവിഷണൽ ഓഫീസിലുമായി നടപടികൾ എടുത്തു വരുന്നു. |
| സി) | സബ് രജിസ്റ്റാർ ഓഫീസിനായി മാറ്റിവെച്ച 13 സെന്റ് സ്ഥലത്തു നിന്നും നാഷണൽ ഹൈവേ വികസനത്തിനായി എത്ര സെന്റ് ഭൂമിയാണ് എൻ.എച്ച്.എ.ഐ ക്ക് വിട്ടുകൊടുക്കേണ്ടി വരിക എന്നത് സംബന്ധിച്ച് അറിവുണ്ടോ; രേഖകളുണ്ടോ; | സി) | നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട അപ്പോർഷൻമെന്റ് പ്രവർത്തികൾ നിർത്തിവെച്ച സാഹചര്യത്തിൽ ചേമഞ്ചേരി സബ് രജിസ്റ്റാർ ഓഫീസിനു മാറ്റിവച്ച സ്ഥലത്തു നിന്നും എൻ.എച്ച് വികസനത്തിന് വേണ്ട ഭൂമി എത്രയാണെന്ന് ഇപ്പോൾ കൃത്യമായി അറിയാൻ കഴിയില്ല. |

| | | | |
|---|---|---|---|
| ഡി) | പഞ്ചായത്ത് വകുപ്പ് മാറ്റിവെച്ച 13 സെന്റ് ഭൂമിയിൽ നാഷണൽ ഹൈവേക്ക് പോകുന്ന ഭൂമി കഴിച്ച് ബാക്കിവരുന്ന ഭൂമിയിൽ ചേമഞ്ചേരി രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമായ പ്രൊപ്പോസൽ രജിസ്ട്രേഷൻ വകുപ്പിലേക്ക് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ; | ഡി) യും ഇ) യും | പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |
| ഇ) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ